4. ബേസിക് റിസർച്ച്:- മനുഷ്യനെ ബാധിക്കുന്ന വിവിധ വൈറസുകളെ ക്കുറിച്ചുള്ള അടിസ്ഥാന പഠനങ്ങൾ നടത്തുന്നു.

(ബി) ദൈനംദിന പ്രവർത്തനങ്ങൾക്കായി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി, പൂനെ നൽകുന്ന ഫണ്ടും ഡയഗ്നോസിസ്, സർവ്വയിലൻസ് സ്റ്റഡി, ഔട്ട് ബ്രേക്ക് ഇൻവെസ്റ്റിഗേഷൻ എന്നിവയ്ക്കായി ഐ.സി.എം.ആർ. (ICMR) നൽകുന്ന ഫണ്ടുകളുമാണ് പ്രയോജനപ്പെടുത്തുന്നത്.

(സി) നിലവിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി, കേരളാ യൂണിറ്റ് പ്രവർത്തിക്കുന്നത് വണ്ടാനം TDMC ആശുപത്രി നൽകിയിട്ടുള്ള പരിമിതമായ സ്ഥലത്താണ്. സ്ഥലപരിമിതി പഠനങ്ങളേയും പരിശോധനകളേയും അതുപോലെ മറ്റ് ഗവേഷണ പ്രവർത്തനങ്ങളേയും മന്നായി ബാധിക്കുന്നുണ്ട്. ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്ന കാര്യം പരിഗണിച്ചിട്ടില്ല.

(ഡി) ഇപ്പോൾ ഈ സ്ഥാപനം ഒരു BSL-2 (ബയോ സേഫ്റ്റി ലെവൽ-2) ലാബാണ്. ഇത് BSL-3 നിലവാരമാക്കി ഉയർത്തുകയാണെങ്കിൽ പക്ഷികളിലും മൃഗങ്ങളിലും രോഗം പരത്തുന്ന വൈറസുകളെ കണ്ടെത്തുവാനും പരിശോധനകൾ നടത്തുവാനും ഒപ്പം പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഗവേഷണങ്ങൾ നടത്തുവാനും സാധിക്കും. ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്ന കാര്യം പരിഗണനയിലില്ല.

(ഇ) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം സർക്കാർ വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കൊച്ചിയിൽ കാൻസർ സെന്റർ സ്ഥാപിക്കാൻ നടപടി

73 (4357) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ ഒരു പുതിയ കാൻസർ ചികിത്സാ കേന്ദ്രം സ്ഥാപിക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്;

(ബി) പുതുതായി കാൻസർ സെന്റർ തുടങ്ങുന്നതിന് എത്ര രൂപ ചെലവ് പ്രതീക്ഷിക്കുന്നു;

(സി) എന്തെല്ലാം തരം ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്;

(ഡി) മദ്ധ്യകേരളത്തിന് പുറമെ, ലക്ഷദ്വീപ് പ്രദേശത്തുള്ളവർക്കു കൂടി പ്രയോജനപ്പെടാനിടയുള്ള പദ്ധതി എന്ന നിലയിൽ ഇതിന് കേന്ദ്രസർക്കാരിൽനിന്നുള്ള പ്രത്യേക സഹായം പ്രതീക്ഷിക്കുന്നുണ്ടോ; ആവശ്യപ്പെട്ടിട്ടുണ്ടോ;

LIBRARY.ARCHIVES Kerala Legislative Assembly

(ഇ) കാൻസർ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന ഏതെല്ലാം യന്ത്രങ്ങളാണ് ഇവിടേയ്ക്ക് വേണ്ടി വരിക?

ഉത്തരം

(എ) എറണാകുളം ഗവ. മെഡിക്കൽ കോളേജ് കാമ്പസിൽ തുടങ്ങുവാൻ തറക്കല്ലിട്ടിരിക്കുന്ന കൊച്ചി കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് & റിസർച്ച് സെന്റർ ഉത്തര കേരളത്തിലെ കാൻസർരോഗ ചികിത്സയ്ക്കും പഠനത്തിനും ഉദ്ദേശിച്ചിട്ടുള്ള ബൃഹത്തായ സംരംഭമാണ്.

(ബി) ഏകദേശം 450 കോടി ചെലവ് പ്രതീക്ഷിക്കുന്നു.

(സി) കാൻസർരോഗ ചികിത്സയ്ക്കും പഠനത്തിനും ഉതകുന്ന ആധുനിക രീതിയിലുള്ള എല്ലാ ചികിത്സാ സൗകര്യങ്ങളും ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

(ഇ) കാൻസർ ചികിത്സയ്ക്കായി ആവശ്യമായ അത്യാധുനിക യന്ത്രങ്ങളെല്ലാം ഇവിടേയ്ക്ക് ആവശ്യമായി വരും.

സർക്കാർ ആശുപത്രികളിലെ ജീവനക്കാരുടെ ഒഴിവുകൾ

74 (4358) ശ്രീമതി. കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ, അലോപ്പതി-ആയുർവ്വേദ-ഹോമിയോ-ദന്തൽ-നേത്രരോഗ സർക്കാർ ആശുപത്രികളിൽ നഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവരുൾപ്പെടെ എല്ലാ വിഭാഗങ്ങളിലുമായി എത്ര ഒഴിവുകൾ നിലവിലുണ്ട്; വിശദാംശം നൽകുമോ;

(ബി) നിലവിൽ ഓരോ വിഭാഗത്തിലും എത്ര ജീവനക്കാർ സേവനം നടത്തുന്നു; ഇതിൽ എത്ര സ്ഥിര/താൽക്കാലിക ജീവനക്കാർ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വിഭാഗങ്ങളിലെ ഏതെല്ലാം തസ്തികകളിലേയ്ക്ക് പി.എസ്.സി. മുഖേന ഉദ്യോഗാർത്ഥികളെ ആവശ്യപ്പെട്ടിട്ടുണ്ട്; വിശദാംശം നൽകുമോ;

(ഡി) പി.എസ്.സി. അഡ്വൈസ് നൽകിയിട്ടും ആരോഗ്യവകുപ്പ് ഇതുവരെ നിയമനം നൽകാത്ത വിഭാഗങ്ങൾ ഏതെല്ലാം; വിശദാംശം നൽകുമോ;

(ഇ) ജീവനക്കാരുടെ ദൗർലഭ്യം ആശുപത്രികളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ, ആവശ്യമുള്ള ജീവനക്കാരെ നിയമിക്കുന്നതിന് ആരോഗ്യവകുപ്പ് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ- ഇ) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly